പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1708 — 14.08.2017 ൽ മറുപടിക്കുണ്ടായിരുന്നത്

## ശബരിമലയിൽ എയർപോർട്ട്

ചോദ്യം

ശ്രീ.രാജു എബ്രഹാം

(എ) ശബരിമല എയർപോർട്ട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ടെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെഎന്നും വ്യക്തമാക്കാമോ;

(ബി) വിമാനത്താവള നിർമ്മാണം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതൊക്കെ കമ്പനികളാണ് താൽപ്പര്യപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ ആർക്കാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത്; എത്ര നാളുകൾക്കകമാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്;

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകുകയും, ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി താൽപര്യ പത്രം ക്ഷണിച്ചു. കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ. എസ്. ഐ.ഡി.സി സർക്കാരിൽ സമർപ്പിച്ചു. 25.09.2017 ലെ ജി.ഒ(എം.എസ്) 76/2017/ഗതാ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിലുള്ള അംഗീകാരവും അന്തിമ റിപ്പോർട്ടും വാങ്ങി 9 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും സർക്കാരിന് യാതൊരു തുടർ ബാധ്യതകളും ഉണ്ടായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ/ ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ ഒരു കൺസൾട്ടന്റ് എന്ന നിലയിൽ പൂർത്തീകരിക്കേണ്ട എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നുമുള്ള നിബന്ധനകൾക്കു വിധേയമായി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ

| | |
|---|---|
| | ടെക്നോ ഇക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br>റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി 25.04.2017 ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തു കൊണ്ട് 21.07.2017 ലെ ജി.ഒ(എം.എസ്) 60/2017/ഗതാ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) വിമാനത്താവള പദ്ധതിക്കായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലം സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28.05.2015 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജികളിൽ 25.11.2015 ൽ ബഹു.ഹൈക്കോടതി റഫറൻസ് ഓഡർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റഫറൻസ് ഉത്തരവിൽ ബഹു. ഹൈക്കോടതി സർക്കാരിന് അനുകൂലമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ഉത്തരവുകളുടെ തൽസ്ഥിതി തുടരാനും ഹർജിക്കാർ ടി ഭൂമി കൈമാറാനോ കടപ്പെടുത്താനോ പാടില്ല എന്ന കർശന നിർദ്ദേശവും ബഹു. ഹൈക്കോടതി നൽകിയിട്ടുണ്ട്. കേസുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ